## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 3830

20.10.2016 -ൽ മറുപടിക്ക്

### മത്സ്യത്തൊഴിലാളി ബയോ-മെട്രിക് കാർഡ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീമതി യു. പ്രതിഭ ഹരി | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) | ആഭ്യന്തര സുരക്ഷ ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ഫിഷറീസ് വകുപ്പുമായി ചേർന്ന് നടപ്പാക്കിയ മത്സ്യത്തൊഴിലാളി ബയോ-മെട്രിക് കാർഡ് പദ്ധതി ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ബയോമെട്രിക് കാർഡ് പദ്ധതിയനുസരിച്ച് പ്രാരംഭ ഘട്ടത്തിൽ ഫണ്ട് ബോർഡിൽ അംഗത്വമുണ്ടായിരുന്ന 2,95,469 മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതിയ്ക്ക് കീഴിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ 70% പേർക്കും കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അംഗങ്ങളുടെ വിവരശേഖരണം നടത്തി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇപ്രകാരം മത്സ്യവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (ബി) | കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും ക്ഷേമനിധി ബോർഡ് അംഗങ്ങളാണ്. ആയത് പ്രകാരം 2015-16 ൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെയും 1999 ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യഅനുബന്ധമേഖലയിൽ പണിയെടുക്കുന്ന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള അനുബന്ധത്തൊഴിലാളികളുടെയും ജില്ല തിരിച്ച കണക്ക് താഴെ രേഖപ്പെടുത്തുന്നു. |

| ജില്ല | മത്സ്യത്തൊഴിലാളികളുടെ എണ്ണം | അനുബന്ധത്തൊഴിലാളികളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 49929 | 1749 |

| | | |
|---|---|---|
| കൊല്ലം | 25863 | 16278 |
| ആലപ്പുഴ | 42820 | 23524 |
| പത്തനംതിട്ട | 199 | 480 |
| ഇടുക്കി | 182 | 225 |
| കോട്ടയം | 4894 | 778 |
| എറണാകുളം | 26148 | 14684 |
| തൃശ്ശൂർ | 6809 | 2749 |
| പാലക്കാട് | 481 | 244 |
| മലപ്പുറം | 34504 | 3068 |
| കോഴിക്കോട് | 23805 | 10999 |
| വയനാട് | 0 | 405 |
| കണ്ണൂർ | 6825 | 1577 |
| കാസർഗോഡ് | 10667 | 934 |
| ആകെ | 233126 | 77694 |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ? | (സി) | പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ മത്സ്യത്തൊഴിലാളി/അനുബന്ധത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 2,95,469 പേരിൽ 2,65,957 പേർക്ക് പ്രസ്തുത പദ്ധതിയ്ക്കായി വിവരശേഖരണം നടത്തുന്നതിന് ഹാജരാകുകയും, 2,22,250 പേർ ബയോമെട്രിക് ഡേറ്റ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1,95,443 പേരുടെ കാർഡ് പ്രിന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ